4) വേൾഡ് വിഷൻ മാനന്തവാടി ആന്റ് സുൽത്താൻബത്തേരി

5) ശ്രേയസ് സുൽത്താൻബത്തേരി

6) ബെഡിത സുൽത്താൻബത്തേരി.

(സി)&(ഡി) വിദേശഫണ്ട് വിനിയോഗിക്കുന്നതിനെപ്പറ്റി നിരീക്ഷിക്കുന്നത് കേന്ദ്ര സർക്കാരാണ്.

44 (1638) കേരള വാണിക വൈശ്യസംഘം സമർപ്പിച്ച നിവേദനം

ശ്രീ. എം. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള വാണിക വൈശ്യസംഘം വിവിധ ആവശ്യങ്ങൾ സംബന്ധിച്ച് സർക്കാരിന് സമർപ്പിച്ച നിവേദനത്തിന്മേൽ സർക്കാർ എന്തു നടപടി സ്വീകരിച്ചുവെന്ന് അറിയിക്കുമോ;

(ബി) ഈ നിവേദനത്തിലെ ഓരോ ആവശ്യങ്ങളിൽമേലും സർക്കാരിന്റെ നിലപാടെന്താണ്;

(സി) വിശ്വകർമ്മ സമുദായത്തിനുകൂടി പ്രയോജനപ്പെടുന്ന വിധത്തിൽ നിലവിലുള്ള ഉദ്യോഗസ്ഥ സംവരണ സംവിധാനത്തിൽ കാലാനുസൃതമായ മാറ്റം വരുത്തുവാൻ സർക്കാർ നടപടിയെടുക്കുമോ?

ഉത്തരം

(എ)&(ബി) നിവേദനത്തിലെ ആവശ്യങ്ങൾ സർക്കാർ പരിശോധിച്ചുവരികയാണ്.

(സി) വിശ്വകർമ്മ സമുദായത്തിലും അതിന്റെ സമാന്തര വിഭാഗങ്ങൾക്കും ഉദ്യോഗസംവരണത്തിന് നിലവിൽ വ്യവസ്ഥയുണ്ട്. നിലവിലുള്ള സംവരണ വ്യവസ്ഥയിൽ മാറ്റം വരുത്തുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

45 (1639) നിർമ്മിതികേന്ദ്രത്തിന്റെ പ്രവർത്തനം

ശ്രീമതി റോസമ്മ ചാക്കോ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സംസ്ഥാന നിർമ്മിതി കേന്ദ്രത്തിന്റെ പ്രവർത്തനം പുനരുദ്ധരിക്കാൻ സർക്കാർ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ വിശദമാക്കുമോ;

(സി) ചെലവു കുറഞ്ഞ പാർപ്പിടനിർമ്മാണത്തിനും ഗവേഷണത്തിനും വേണ്ടിയുള്ള നോഡൽ ഏജൻസിയാക്കി നിർമ്മിതികേന്ദ്രത്തെ മാറ്റാൻ നടപടി സ്വീകരിക്കുമോ;

(ഡി) ഈ കേന്ദ്രത്തിലെ ജീവനക്കാർക്ക് ന്യായമായ സേവന വേതന വ്യവസ്ഥകൾ നടപ്പാക്കാൻ നടപടിയെടുക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ&സി) ചെലവുകുറഞ്ഞ പാർപ്പിട നിർമ്മാണത്തിനും ഗവേഷണത്തിനുമുള്ള ഏജൻസിയായാണ് നിർമ്മിതികേന്ദ്രം പ്രവർത്തിച്ചുവരുന്നത്. കേരള സംസ്ഥാന നിർമ്മിതികേന്ദ്രത്തിന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുവാൻ പല പദ്ധതികളും ആവിഷ്കരിച്ചു നടപ്പിലാക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ട്.

(ഡി) ഇക്കാര്യം സർക്കാരിന്റെ സജീവ പരിഗണനയിലുണ്ട്.

46 (1640) കേരള സ്റ്റേറ്റ് റിമോട്ട് സെൻസിംഗ് ആന്റ് എൻവയോൺമെന്റ് സെന്ററിന്റെ പ്രവർത്തനങ്ങൾ

ശ്രീ. എൻ. കണ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സ്റ്റേറ്റ് റിമോട്ട് സെൻസിംഗ് ആന്റ് എൻവയോൺമെന്റ് സെന്ററിന്റെ പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വെളിപ്പെടുത്തുമോ;

(ബി) ഈ സ്ഥാപനം ഇപ്പോൾ ഏറ്റെടുത്തു നടത്തുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വെളിപ്പെടുത്തുമോ;

(സി) സംസ്ഥാന ബഡ്ജറ്റിൽ വകകൊള്ളിച്ച് ഗവൺമെൻറ് അംഗീകാരം നൽകിയ പദ്ധതികൾ ഈ സ്ഥാപനത്തിന് ഏറ്റെടുത്ത് നടത്താൻ കഴിയാത്ത സ്ഥിതിവിശേഷം ഉണ്ടായിട്ടുണ്ടോ;

(ഡി) എങ്കിൽ അതിന്റെ കാരണങ്ങൾ എന്തെല്ലാമാണെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) റിമോട്ട് സെൻസിംഗ് എന്ന സാങ്കേതികവിദ്യ ഉപയോഗപ്പെടുത്തി ഭൂവിനിയോഗം, ഭൂവിഭവങ്ങൾ, പരിസ്ഥിതിപ്രശ്നങ്ങൾ എന്നിവയെക്കുറിച്ചുള്ള പഠനങ്ങൾ ഏറ്റെടുത്തു നടത്തുകയാണ് ഈ സെന്ററിന്റെ പ്രധാന പ്രവർത്തനങ്ങൾ.

(ബി) ജില്ലാതലത്തിൽ തരിശുഭൂമിയുടെ വിസ്തീർണ്ണം തിട്ടപ്പെടുത്തൽ, ഭൂവിഭവങ്ങളുടെ സുസ്ഥിരമായ ഉപയോഗം, വികസനം, പരിപാലനം എന്നിവയ്ക്ക് ഊന്നൽ നൽകുന്ന പഠനങ്ങൾ, തെരഞ്ഞെടുത്ത ജില്ലകളിലെ വരൾച്ചബാധിത പ്രദേശങ്ങൾ കണ്ടെത്തി അവിടെയുള്ള ഭൂഗർഭ ജലസ്രോതസ്സുകളെക്കുറിച്ചുള്ള പഠനം, സംസ്ഥാനത്തെ ചില പഞ്ചായത്തുകളുടെ വിഭവ ഭൂപട നിർമ്മാണം, ഭൂവിഭവ ശോഷണവുമായി ബന്ധപ്പെട്ട പഠനം തുടങ്ങിയവയാണ് ഇപ്പോൾ ഏറ്റെടുത്തിരിക്കുന്ന പ്രധാന പ്രവർത്തനങ്ങൾ.

(സി) ഇല്ല.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

47 (1641) ലോക് സഭാ തെരഞ്ഞെടുപ്പിൽ തിരുവനന്തപുരം കോർപ്പറേഷൻ അതിർത്തികളിലെ വോട്ടിംഗ് നിലവാരം

ശ്രീ. ബി. വിജയകുമാർ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly